| വർക്ക്ഷീറ്റ് 4 | അടിസ്ഥാനപാഠാവലി | 29-07-2020 |
|---|---|---|

# പ്ലാവിലക്കഞ്ഞി

ക്ലാസ് കാണാൻ വിക്ടേഴ്സ് ഐക്കൺ ക്ലിക്ക്ചെയ്യുക/ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക

1. "അങ്ങനെ പാതിരായ്ക്കു ശേഷം അടുപ്പിൽ തീ എരിഞ്ഞു.ആ കുടിലിൽ വെളിച്ചമുണ്ടായി" - **വെളിച്ചമുണ്ടായി** എന്ന പദം സന്ദർഭത്തിന് നൽകുന്ന രണ്ട് അർഥസാധ്യതകൾ കുറിക്കൂ...

2. "അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു" _ **കണ്ണു തണുപ്പിക്കുക** എന്ന പ്രയോഗത്തിന്റെ സവിശേഷാർത്ഥം എന്താണ്?

3. * "എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു!"
   * "ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത് !"
   * "അപ്പന് ഒരു നേരത്തെ ചോറു കൊടുക്കണം. അതു മാത്രമാണ് അവന്റെ ആഗ്രഹം"

ഒരു കാലത്ത് എല്ലുമുറിയെ ജോലി ചെയ്തിട്ടും കഞ്ഞി കുടിക്കാൻ വകയില്ലാതിരുന്ന തൊഴിലാളികളുകളുടെ പ്രതിനിധിയാണോ കോരൻ? അഭിപ്രായക്കുറിപ്പ് തയാറാക്കുക.

4. ആശയ വ്യക്തത നഷ്ടപ്പെടാതെ താഴെ കൊടുത്ത വാക്യങ്ങളെ ഒറ്റവാക്യമാക്കുക.
അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കി നിന്നു ചിരുത ആനന്ദിച്ചു.



Prepared by Tirur Sub District

**5.** കോരന്റെ പിതാവിന്റെ സവിശേഷതകൾ പാഠഭാഗത്തു നിന്നും കണ്ടെത്തി താഴെ കൊടുത്ത ആശയഭൂപടം പൂർത്തിയാക്കുക.

**നോവലിലെ സ്ഥാനം**
*
*
*

**വേഷം, രൂപം**
*
*
*

**കോരന്റെ പിതാവ്**

**ജീവിത പശ്ചാത്തലം**
*
*
*

**കഥാപാത്രത്തെക്കുറിച്ച് എന്റെ കാഴ്ചപ്പാട്**
*
*

**6.** ആശയഭൂപടത്തിലെ നിങ്ങളുടെ കണ്ടെത്തലുകളെയും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളെയും അടിസ്ഥാനപ്പെടുത്തി **കോരന്റെ പിതാവ്** എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക